**അന്ത്യോദയ പദ്ധതി**

68 [379] *പ്രൊഫ. കെ. വി. തോമസ്:*
*ശ്രീ. സി. പി. മുഹമ്മദ്:*
*ഡോ. എം. എ. കുട്ടപ്പൻ:*
*ശ്രീ. എ. സുജനപാൽ:*
*„ ലൂഡി ലൂയിസ്:* താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇപ്പോൾ കുറഞ്ഞ വിലയ്ക്ക് അരി നൽകുന്നുണ്ട്;

(ബി) എന്ത് വിലയ്ക്കാണ് ഇവർക്ക് അരി നൽകി വരുന്നത്;

(സി) ഈ പദ്ധതി പ്രകാരം നൽകുന്നതിനായി പ്രതിമാസം എത്ര അരിയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്;

(ഡി) ഈ പദ്ധതിയിൽ പുതിയതായി എത്ര പേരെ കൂടി ചേർക്കുവാൻ ഉദ്ദേശിക്കുന്നു;

(ഇ) ഈ പദ്ധതിക്കും മറ്റ് പദ്ധതികൾക്കും വേണ്ടി റേഷൻകടകൾക്ക് നൽകിയ അരി മറിച്ചു നൽകിയതായുള്ള എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*ഉത്തരം*

(എ) 4,71,800 കുടുംബങ്ങൾക്ക്.

(ബി) കിലോഗ്രാമിന് മൂന്നു രൂപ നിരക്കിൽ.

(സി) 16514 മെ. ടൺ.

(ഡി) പുതുതായി 1,24,000 കുടുംബങ്ങളെ കൂടി ചേർക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അന്ത്യോദയ, അന്നയോജന പദ്ധതികൾ പ്രയോജനം ചെയ്യുന്നില്ലെന്ന് പരാതി**

69 [380] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ അന്നയോജന പദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ പ്രയോജനം ചെയ്യുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹരായ ആളുകൾക്ക് പൂർണ്ണമായും ഈ പദ്ധതിയുടെ ഗുണം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മറ്റ് നിത്യോപയോഗ സാധനങ്ങളും ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് അതത് ഗ്രാമ/വാർഡു സഭകളാണ്. ഇപ്രകാരം ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന ലിസ്റ്റിൻമേൽ വകുപ്പുതല അന്വേഷണം നടത്തി ഗുണഭോക്താവ് തികച്ചും അർഹനാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് ഗുണഭോക്താവിനെ അന്തിമമായി തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കൾക്ക് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ നിശ്ചിത അളവിലും തൂക്കത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് വകുപ്പുതല ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | .. | 54063 |
| കൊല്ലം | .. | 40661 |
| പത്തനംതിട്ട | .. | 20595 |
| ആലപ്പുഴ | .. | 33579 |
| കോട്ടയം | .. | 28142 |
| ഇടുക്കി | .. | 24616 |
| എറണാകുളം | .. | 31635 |
| തൃശ്ശൂർ | .. | 45918 |
| പാലക്കാട് | .. | 38972 |
| മലപ്പുറം | .. | 42753 |
| കോഴിക്കോട് | .. | 32789 |
| വയനാട് | .. | 31392 |
| കണ്ണൂർ | .. | 29616 |
| കാസർഗോഡ് | .. | 17069 |
| മൊത്തം | .. | 471800 |

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്ത്യോദയ-അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കു നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭ്യമാണ്.

**ടൂറിസം വികസനത്തിനായി നിർമ്മിക്കുന്ന റോഡുകൾ**

70 [381] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തെ സഹായിക്കുന്നതിന് കേരളത്തിൽ എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ആ ഇനത്തിൽ എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, കോട്ടുകാൽ വില്ലേജുകളിലെ ടൂറിസം മേഖലയിൽ എത്ര റോഡുകളുടെ നിർമ്മാണം ഗവൺമെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു; അവ ഏതെല്ലാം;

(സി) പുളിങ്കുടി-കരിക്കത്തിക്കുഴി റോഡിന്റെ നിർമ്മാണം ഏറ്റെടുക്കാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

*ഉത്തരം*

(എ) ടൂറിസം വികസനത്തെ സഹായിക്കുന്നതിന് സംസ്ഥാനത്തെ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണം നബാർഡിന്റെയും സംസ്ഥാന ഗവൺമെന്റിന്റേയും പദ്ധതികളിലുൾപ്പെടുത്തി ടൂറിസം വകുപ്പ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു.

1. കോട്ടയം - കുമരകം റോഡ്-650.00 ലക്ഷം രൂപ
2. കാലടി-മലയാറ്റൂർ റോഡ്-164.00 ലക്ഷം രൂപ
3. ആലപ്പുഴ-തണ്ണീർമുക്കം റോഡ്-135.00 ലക്ഷം രൂപ
4. നാട്ടിക ബീച്ച് റോഡ്-100.00 ലക്ഷം രൂപ
5. ബേക്കൽ പ്രദേശത്തെ റോഡുകൾ-611.00 ലക്ഷം രൂപ
6. പീച്ചി-പട്ടിക്കാട് റോഡ്-340.00 ലക്ഷം രൂപ
7. പുന്നമട റോഡ്-99.00 ലക്ഷം രൂപ
8. പരുന്തുമ്പാറ റോഡ്-15.00 ലക്ഷം രൂപ
9. പൈതൽമല റോഡ്-98.48 ലക്ഷം രൂപ
10. കാട്ടിക്കുളം-തിരുനെല്ലി റോഡ്-100.00 ലക്ഷം രൂപ
11. കോവളത്തെ പ്രധാന റോഡുകൾ-24.73 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly